എരുമേലിയിൽ നിന്നുള്ള യാത്രാക്ലേശത്തിന് പരിഹാരമാകുന്ന കണമലപാലം ഡിസംബറിൽ പൂർത്തിയാകും. ശബരിമല ഇടത്താവളങ്ങളിൽ തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യം, അന്നദാനം, കുടിവെള്ള വിതരണം, ടോയ്‌ലറ്റ് സൗകര്യം എന്നിവ ശബരിമല, പമ്പ, ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ മാവേലിക്കര മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങൾ ഒന്നുംതന്നെ ഇടത്താവളമായി പ്രവർത്തിക്കുന്നില്ല. സമീപമുള്ള ഹരിപ്പാട് ദേവസ്വം, ചെങ്ങന്നൂർ ദേവസ്വം എന്നിവ ഇടത്താവളമായി പ്രവർത്തിക്കുന്നുണ്ട്.

ദേവസ്വം ഭൂമി കയ്യേറ്റങ്ങൾ തടയാൻ നടപടി

132 (4418) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി കെ.കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ഭൂമി കയ്യേറ്റങ്ങൾ തടയാനും കയ്യേറിയവ തിരിച്ചുപിടിക്കാനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം തിരിച്ചുപിടിക്കാൻ കഴിഞ്ഞ ഭൂമി എത്രയെന്ന് അറിയിക്കാമോ;

(സി) ഹൈക്കോടതിയിൽനിന്ന് അനുകൂല വിധി ഉണ്ടായിട്ടും പന്തല്ലൂർ ക്ഷേത്രഭൂമി കയ്യേറിയത് തിരിച്ചുപിടിക്കാൻ നടപടിയെടുക്കാത്തതിന്റെ കാരണം അറിയിക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും 15/10/2008 മുതൽ ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖാന്തിരം നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കയ്യേറ്റ പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് 20/07/2006 മുതൽ ലാന്റ് സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വം അധീനതയിലുള്ള ഭൂമികളുടെ സംരക്ഷണം നടത്തുന്നതിന് ദേവസ്വം തഹസിൽദാർ, സർവ്വെയർ, ഹെൽത്ത് സൂപ്പർവൈസർ, ദേവസ്വം ഇൻസ്പെക്ടർ എന്നിവരടങ്ങിയ സ്കാഡ് അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ചുവരുന്നു. സ്ഥലങ്ങൾ നിരന്തരം പരിശോധിച്ച് കയ്യേറ്റങ്ങൾ ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തി അതിർത്തി സംരക്ഷിച്ചുവരുന്നുണ്ട്.

കൊച്ചിൻ ദേവസ്വം വക ഭൂമികൾ അളന്നു തിട്ടപ്പെടുത്തി തനതു കൈവശ ഭൂമികൾ എത്രയെന്ന് കണ്ടെത്തുന്നതിനും കയ്യേറ്റമുള്ളവ ഒഴിപ്പിച്ചെടുക്കുന്നതിനുമായി സർക്കാരിൽനിന്നും അനുവദിച്ച് ലഭിച്ചിട്ടുള്ള തഹസിൽദാർ വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തി ഭൂമികൾ അളന്നു തിട്ടപ്പെടുത്തിവരുന്നു.

മലബാർ ദേവസ്വം വക ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും, കയ്യേറപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കെ.എൽ.സി. യൂണിറ്റ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കൂടൽമാണിക്യം ദേവസ്വത്തിൽ ഒരു സ്പെഷ്യൽ തഹസിൽദാരെയും സർവ്വെയറേയും നിയമിക്കുകയും ക്ഷേത്ര ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 2014 നവംബർ വരെ 28.48 ഏക്കർ ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് ഏറ്റെടുത്തിട്ടുണ്ട്. കൊച്ചിൻ ദേവസ്വത്തിൽ 8 ഏക്കർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിൽ അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചു പിടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതു പ്രകാരം ഇക്കാര്യത്തിൽ വിവിധ കോടതികളിലും ട്രൈബ്യൂണലുകളിലും വ്യവഹാരങ്ങൾ നടന്നുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഭൂമി തിരിച്ചുപിടിക്കുന്ന നടപടികൾ പൂർത്തിയായിട്ടില്ല. കൂടൽമാണിക്യം ദേവസ്വത്തിൽ ഇരിങ്ങാലക്കുട വില്ലേജ് സർവെ 164/1-ൽ 1 ഏക്കർ 42 സെന്റ്.

(സി) ശ്രീപന്തല്ലൂർ ക്ഷേത്രഭൂമി സംബന്ധിച്ച് പന്തല്ലൂർ ദേവസ്വം ട്രസ്റ്റി സാമൂതിരി രാജയും ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റ് ശ്രീ കെ. പി. മണികണ്ഠനും ഫയൽ ചെയ്ത ഹർജിയിന്മേലുള്ള ഏറനാട് അഡീഷണൽ തഹസിൽദാരുടെ ഉത്തരവിലും തുടർന്ന് ആർ.ഡി.ഒ. മുമ്പാകെയുള്ള അപ്പീൽ ഹർജിയിലെ ഉത്തരവിലും മലബാർ ദേവസ്വം ബോർഡ് കക്ഷിയായിരുന്നില്ല. പ്രസ്തുത ഉത്തരവുകൾ ദേവസ്വത്തിന് അനുകൂലമായിരുന്നു. ദേവസ്വത്തിന് അനുകൂലമായ ഉത്തരവിനെതിരെ ഹർജിക്കാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും റിവിഷൻ ഹർജിയിൽ പ്രസ്തുത ഭൂസ്വത്തിന്റെ നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാറ്റസ് പ്രകാരം സർക്കാർ ഭൂമിയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിനെതിരെ ദേവസ്വം ട്രസ്റ്റി ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഡബ്ല്യു.പി.(സി) നമ്പർ 9391/08-ൽ ഇടക്കാല ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

ദേവസ്വം ബോർഡുകളുടെ കൈവശ ഭൂമി

133 (4419) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കൈവശമുള്ള ഭൂമി എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ അന്യാധീനപ്പെട്ട ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിനായി ദേവസ്വം ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിലുള്ള ദേവസ്വങ്ങളുടെ വകയായി ആകെ 2281 ഏക്കർ ഭൂമിയുണ്ട്. ഇതിൽ 494 ഏക്കർ അന്യാധീനപ്പെട്ടതായി കണക്കാക്കുന്നു. ഗുരുവായൂർ ദേവസ്വത്തിന്റെ കൈവശം ഉദ്ദേശം 268 ഏക്കറോളം ഭൂമിയുണ്ട്. വസ്തുക്കൾ ഒന്നുംതന്നെ അന്യാധീനപ്പെട്ടിട്ടില്ല. മലബാർ ദേവസ്വം ബോർഡിന്റെ കൈവശം നേരിട്ട് ഭൂമികളൊന്നുംതന്നെയില്ല. മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിലായി 1341-ൽപരം ക്ഷേത്രങ്ങൾ ഉള്ളതിൽ ഭരണപരമായ മേൽനോട്ടം മാത്രമാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ചുവരുന്നത്. മലബാർ ദേവസ്വം ബോർഡിൽ 2007 വരെ സർവ്വേ നടത്തിയതിൽ ആകെ 3112.20½ ഏക്കർ കൈവശ ഭൂമിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 1123 ക്ഷേത്രങ്ങളിലായി 24693.24 ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമി കൃത്യമായി എത്രയെന്ന് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. ഇതിനകം അന്യാധീനപ്പെട്ട ഭൂമികൾ കണ്ടെത്തി 8 ഏക്കറോളം തിരിച്ചുപിടിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിൽ 276.19 ഏക്കർ ഭൂമിയുണ്ട്. ഇതിൽ 18.32 ½ ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്.

(സി) തിരുവിതാംകൂർ, ഗുരുവായൂർ, കൊച്ചിൻ ദേവസ്വങ്ങളിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. കൂടൽമാണിക്യം ദേവസ്വത്തിൽ തൃശ്ശൂർ ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly